# Covid - 19 Special Parish Bulletin - online

Volume V, December 2020

**ST. THOMAS FORANE CHURCH**
Dharmaram College, Bangalore - 560029
Tel.: 080 43702482

## ഇടയനാദം

### 'The Less Travelled Road'

**1) ഉണ്ണിക്കൊരിടം**

ഇടുങ്ങിയ വഴികൾ അധികമാരും ഇഷ്ടപ്പെടാറില്ല. കോവിഡ് പ്രോട്ടോകോൾസ് പാലിക്കുക ക്ലേശകരമാണ്. എന്നാൽ നസ്രത്തിൽ നിന്ന് ബത്‌ലഹമിലേക്കുള്ള മറിയത്തിന്റെ യാത്ര എത്രയോ ക്ലേശകരമായിരുന്നുവെന്ന് ഊഹിക്കാൻപോലും സാധിക്കുന്നില്ലല്ലോ.

ആ യാത്രയുടെ അന്ത്യത്തിൽ പിള്ളക്കച്ചയിൽ പൊതിഞ്ഞ കുഞ്ഞിന് ഒരിടം കിട്ടി... മറിയത്തിന്റെ ഹൃദയത്തിൽ... യൗസേപ്പിതാവിന്റെ ഹൃദയത്തിൽ... ആട്ടിടയരുടെ ഹൃദയത്തിൽ...

നമ്മുടെ ഹൃദയത്തിലും ഒരുക്കാം ഉണ്ണിക്കൊരിടം... സഹോദരർക്കും ഇടം കൊടുക്കാം. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ പറയുന്ന 'എല്ലാവരും സഹോദരർ' (Fratelli Tutti) അർത്ഥവും ഇതുതന്നെ... ''മുഴുവൻ ലോകത്തിനും മുമ്പിൽ തുറന്നുവച്ച ഹൃദയം''

**2) കോവിഡ്–19 പ്രതീക്ഷ:**

കോവിഡ്19 ന്റെ അനുഭവ പശ്ചാത്തലത്തിൽ ഉള്ളവനും ഇല്ലാത്തവനും ഒരു അഗ്നിപരീക്ഷണത്തിലൂടെ കടന്നുപോകുമ്പോൾ പ്രതീക്ഷ കൈവിടാതെ നല്ല സമരായനാകാനും നല്ല അയൽക്കാരനാകാനും നമുക്ക് ശ്രമിക്കാം.

സാമൂഹിക അകലം എന്ന കടമ്പയിൽ നമ്മൾ വി. കുർബാനയും, വാർഡ് കൂട്ടായ്മകളും, മറ്റു കൂദാശകളും മുടങ്ങിയപ്പോൾ വ്യക്തിബന്ധങ്ങളുടെ ഇഴയടുപ്പം കാത്തുസൂക്ഷിക്കാൻ കുടുംബാംഗങ്ങൾ ശ്രമിച്ചിരുന്നു. അതു കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ നമുക്കു ശ്രമിക്കാം... ഉണ്ണീശോയുടെ മദ്ധ്യസ്ഥം തേടാം.

**3) "Fratelli Tutti"**

വി. ഫ്രാൻസിസ് അസ്സീസിയിൽനിന്നും പ്രചോദനം ഉൾകൊണ്ട് ഫ്രാൻസിസ് പാപ്പ എഴുതിയ ചാക്രിക ലേഖനമാണ് (Fratelli Tutti) 'എല്ലാവരും സഹോദരർ'... Universal brotherhood. കുറഞ്ഞ ദിവസംകൊണ്ട് ആഗോള ശ്രദ്ധ പിടിച്ചുപറ്റിയ 8 അദ്ധ്യായങ്ങളുള്ള Fratelli Tutti നമുക്ക് പഠനത്തിനും പ്രായോഗികമാക്കുതിനും ശ്രമിക്കാം. എല്ലാവർക്കും ക്രിസ്മസ് ആശംസകൾ നേരുന്നു. ഉണ്ണീശോ നമ്മെയും നമ്മുടെ കുടുംബങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**സിറിയക് മഠത്തിലച്ചൻ സി. എം. ഐ.**
**ജോയ്സ് മടുക്കകുഴിയച്ചൻ സി. എം. ഐ. – 9916719743**
**ഷിജിൻ പുളിമൂട്ടിലച്ചൻ സി. എം. ഐ. – 9510888287**

## Parish News

1. ക്രിസ്മസ്സിനോടനുബന്ധിച്ചുള്ള ആശംസാ കാർഡുകളും, 'ക്രിബ് സെറ്റുകളും, സ്റ്റാറുകളും, അലങ്കാരവസ്തുക്കളും, Home made ക്രിസ്മസ് കേക്കും പാരീഷ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലുള്ള സാന്തോം ബുക്ക് സ്റ്റാളിൽ മിതമായ നിരക്കിൽ ലഭിക്കുതാണ്. ബുക്ക് സ്റ്റാൾ പ്രവർത്തന സമയം രാവിലെ 9 മുതൽ ഉച്ചക്ക് 1 മണി വരെയും, 3 മണി മുതൽ 7 മണി വരെയും ആയിരിക്കും.
2. സ്വന്തം ഇടവകയുടെ പുറത്ത് ഈ ഇടവകാതിർത്തിയിൽ താമസിക്കുന്ന എല്ലാ യുവാക്കളും അവരുടെ പേര് ഇവിടെ രജിസ്റ്റർ ചെയ്ത് Youth Identity Card കൈപ്പറ്റേണ്ടതാണ്. വിവാഹത്തിന് ആവശ്യമായ Free State Certificate ലഭിക്കാൻ ഇത് നിർബന്ധമാണ്. ഇതിനായി പാരീഷ് ഓഫീസിൽ ബന്ധപ്പെടുക.
3. ക്രിസ്മസ്സിനോട് അനുബന്ധിച്ച് പാവപ്പെട്ട കുടുംബങ്ങൾക്ക് പള്ളിയിൽ നിന്ന് ക്രിസ്മസ്സ് ഫുഡ് കിറ്റ് വിതരണം ചെയ്തു. സംഭാവനയായി ലഭിച്ച തുക: Rs1,00,000/–. അർഹരായ 150 പേർക്ക് കൊടുക്കുകയുണ്ടായി. ക്രിസ്മസ്സ് പ്രമാണിച്ച്, പാവപ്പെട്ടവർക്ക് സമ്മാനമായി വസ്ത്രങ്ങൾ നൽകി. സഹകരിച്ച ഏവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.
4. രോഗികൾക്കും പ്രായം ചെന്നവർക്കും വീടുകളിൽ കുമ്പസാരിക്കുവാനും കുർബാന സ്വീകരിക്കുവാനും സൗകര്യം ഉണ്ട്. ആവശ്യമുള്ളവർ അറിയിക്കുക.
5. എല്ലാ ദിവസവും വൈകുന്നേരം 6 മുതൽ 7 മണി വരെ കുമ്പസാരിക്കുവാനുള്ള സൗകര്യം ദേവാലയത്തിൽ ഉണ്ടായിരിക്കും.

## Christmas Holy Qurbana

**December 24, 2020 Thursday**

06.30 pm: Holy Qurbana
08.00 pm: Nativity Holy Qurbana

**December 25, 2020 Friday**

06.30 am: Holy Qurbana
09.00 am: Holy Qurbana
11.00 am: Holy Qurbana (Online too)
06.30 pm: Holy Qurbana

## UPCOMING EVENTS

| | | |
|---|---|---|
| Dec. 25 Fri | : | Christmas |
| Dec 28 Mon | : | Holy Innocents Day |
| Dec 29 Tue | : | Feast of Holy Family |
| Dec 31 Thu | : | 6.30 pm - Holy Qurbana, Thanks giving Adoration, Year Ending Prayer |
| **2021 January** | | |
| Jan 1, Fri | : | 6.30 am - Holy Qurbana, New Year Prayer; 6.30 pm - Holy Qurbana, New Year Prayer; 3 days devotion to St. Chavara |
| Jan 3 Sun | : | St. Chavara Feast Founders Day - Dharmaram |
| Jan 8, 9, 10 | : | Marriage Preparation Course |
| Jan 17 Sun | : | Parish Council Meeting |
| Jan 19 Tue | : | Feast of St. Sebastian |